**കേരള സർക്കാർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**

**ഫാം ഇൻഫർമേഷൻ ബ്യൂറോ**

കവടിയാർ, തിരുവനന്തപുരം 695003

www.fibkerala.gov.in, fibtvm.agri@kerala.gov.in, 0471 -2318186, 2317314

നം: ADFW/FIB/TVM/2/2023-VP തീയതി: 16-01-2026

**ക്വട്ടേഷൻ നോട്ടീസ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഫാം ഇൻഫർമേഷൻ ബ്യൂറോ (എഫ്. ഐ. ബി) തിരുവനന്തപുരം ഓഫീസിലെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കൃഷി സമൃദ്ധി എന്നീ പദ്ധതിയുടെ ഭാഗമായി വീഡിയോ പ്രൊഡക്ഷൻ, ഞാറ്റുവേല റേഡിയോ ആവശ്യത്തിന് 2026 ജനുവരി മാസം മുതൽ മൂന്നു മാസകാലയളവിലേക്ക് (31/03/2026 വരെ) ഒരു എസ് യു വി/ എം യു വി കാറ് കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഓടുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ട്രാവൽ ഏജൻസികൾ/വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ:**

1. **എസ് യു വി/ എം യു വി** കാറുകളുടെ നിബന്ധന അനുസരിച്ചുള്ള റേറ്റ്, പേയ്മെന്റ് സംബന്ധിച്ച നിബന്ധന, വാടക അടിസ്ഥാനത്തിൽ വാഹനങ്ങൾ സർക്കാർ/ അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് സംബന്ധിച്ച മുൻ പരിചയം എന്നിവ നിർബന്ധമായും നൽകേണ്ടതാണ്.

2. കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാഹനം ഓടിക്കുന്ന ഡ്രൈവർമാർ നല്ല പരിചയ സമ്പന്നരായിരിക്കണം.

3. പ്രസ്തുത വാഹനം രണ്ടായിരത്തിപതിനൊന്നോ അതിനുശേഷമോ ഉള്ള മോഡൽ ആയിരിക്കണം.

4. വാഹന ഉടമകൾ വാഹനത്തിന്റെ എല്ലാ ഡോക്യുമെന്റിന്റെയും ഫോട്ടോ കോപ്പി അറ്റസ്റ്റ് ചെയ്ത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. എഫ്. ഐ. ബി ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ ഒർജിനൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഡ്രൈവർമാർക്ക് നിർബന്ധമായും ലൈസൻസും, സ്ഥിരമായ മേൽവിലാസവും, മൊബൈൽഫോണും, ഉണ്ടായിരിക്കേണ്ടതും അത് എഫ്. ഐ. ബി യിൽ നൽകേണ്ടതുമാണ്.

5. ഫാം ഇൻഫർമേഷൻ ബ്യൂറോ ആവശ്യപ്പെടുമ്പോഴെല്ലാം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) **വാഹനവും, ഡ്രൈവറും** യാത്രയ്ക്ക് ലഭ്യമാകേണ്ടതാണ്.

6. ഏതെങ്കിലും കാരണവശാൽ സ്ഥിരവാഹനത്തിന് ഓടാൻ തടസ്സമുണ്ടെങ്കിൽ അംഗീകൃത നിരക്കിലും വ്യവസ്ഥയിലും പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.

7. വാഹനങ്ങൾ പുറപ്പെടുന്നതും യാത്ര അവസാനിപ്പിക്കുന്നതും ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും ഫാം ഇൻഫർമേഷൻ ബ്യൂറോ വരെയാണ്. അല്ലാതെ, ഗ്യാരേജ് മുതൽ ഫാം ഇൻഫർമേഷൻ ബ്യൂറോ വരെയും തിരിച്ചും അല്ല.

8. വാഹനം ഫാം ഇൻഫർമേഷൻ ബ്യൂറോൽ പ്രവേശിച്ച കഴിഞ്ഞാൽ മീറ്റർ റീഡിങ്ങും സമയവും ഡ്രൈവറുടെ പേരും മൊബൈൽ നമ്പറും നിർദ്ദിഷ്ട ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്.

9. യാത്ര അവസാനിച്ച് ഗ്യാരേജിലേക്ക് പോകുമ്പോൾ മീറ്റർ റീഡിങ്ങും സമയവും ഫാം ഇൻഫർമേഷൻ ബ്യൂറോ രജിസ്റ്ററിൽ പതിക്കേണ്ടതാണ്.

10. വാഹനങ്ങൾ നൽകുന്നതിൽ രണ്ട് തവണയിൽ കൂടുതൽ വീഴ്ചവരുത്തുകയോ, ബില്ലിൽ കൃത്രിമം

കാണിക്കുകയോ, ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്തതായി ശ്രദ്ധയിൽ പെട്ടാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ ഫാം ഇൻഫർമേഷൻ ബ്യൂറോ കരാർ റദ്ദാക്കുന്നതാണ്.

11. ഏതെങ്കിലും ദിവസങ്ങളിൽ (അവധി ദിനങ്ങൾ ഉൾപ്പെടെ) വാഹനം ലഭ്യമാക്കാത്ത സാഹചര്യത്തിൽ പകരം വാഹനം ഫാം ഇൻഫർമേഷൻ ബ്യൂറോ വാടകയ്ക്ക് എടുത്താൽ അതിന്റെ മുഴുവൻ ചെലവും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

Signed by
Sindhu K S
Date: 16-01-2026 15:40:45

12. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ നൽകുന്നതാണ്.

13. വാഹനങ്ങളുടെ വാടകയിൽ നിന്നും നിയമാനുസൃത റ്റി.ഡി.എസ്സ്. പിടിക്കുന്നതാണ്.

14. ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന ലോഗ് ഷീറ്റ് ഓരോ ട്രിപ്പിന്റെയും തുടക്കത്തിലും അവസാനത്തിലും പൂരിപ്പിക്കേണ്ടതും വാഹനം ഉപയോഗിച്ച ഓഫീസറുടെ ഒപ്പ് വാങ്ങേണ്ടതുമാണ്.

15. ഓരോ ദിവസത്തെയും ലോഗ് ഷീറ്റ് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറെയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഏതെങ്കിലും ഓഫീസറേയോ കാണിച്ച് മേലൊപ്പ് വാങ്ങേണ്ടതാണ്.

16. **വണ്ടിയുടെ ഡ്രൈവർ ഉൾപ്പെടെയുള്ള പ്രതിദിന വാടകയും, ഒരു ദിവസത്തെ ആകെ കിലോമീറ്ററും, ഓരോ അധിക കി. മീറ്ററിനുള്ള തുകയുമാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.**

17. ക്വട്ടേഷൻ നോട്ടീസിനോടൊപ്പം അനുബന്ധമായി വച്ചിട്ടുള്ള ഫോറത്തിൽ റേറ്റ് നൽകേണ്ടതാണ്.

18. ഈ കരാർ തുടരാനും റദ്ദാക്കാനുമുള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

19. കരാറുകാർ ഫാം ഇൻഫർമേഷൻ ബ്യൂറോയിലേയ്ക്ക് വാഹനം നൽകാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഒരു മാസത്തെ നോട്ടീസിൽ കരാർ അവസാനിപ്പിക്കാവുന്നതാണ്.

20. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി **"പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-695003"** എന്ന വിലാസത്തിൽ 24.01.2026 ന് 3.00 മണിക്കു മുമ്പായി കിട്ടത്തക്ക വിധത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. കവറിന്റെ മുകളിൽ കോൺട്രാക്ട് കാർ വാടകയ്ക്കുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

21. ക്വട്ടേഷൻ സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും ഉള്ള അധികാരം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണ്.

SINDHU K S
PRINCIPAL INFORMATION OFFICER

പകർപ്പ്:
1) ഓഫീസ് നോട്ടീസ് ബോർഡ്
2) വെബ്സൈറ്റ്
3) സ്റ്റോക്ക് ഫയൽ/അധികം

| ക്രമ നം. | വാഹനത്തിന്റെ വിവരങ്ങൾ (വാഹനത്തിന്റെ നമ്പർ, മോഡൽ) | വണ്ടിയുടെ പ്രതിദിന വാടകയും, ഒരു ദിവസത്തെ ആകെ കിലോമീറ്ററും, | ഓരോ അധിക കി. മീറ്ററിനുള്ള വാടക |
|---|---|---|---|
| | | | |
| | | | |